**എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. (1 യോഹ 1:9)**

*വിചിന്തനം:*

യേശു അനുരഞ്ജന കൂദാശ സ്ഥാപിച്ചത് സകലരും അവിടുത്തെ കരുണയെന്ന സൗജന്യദാനത്തിൽ പങ്കുചേരുന്നതിനും തങ്ങളുടെ ജ്ഞാനസ്നാന മഹത്വത്തിലേക്കും വിളിയിലേക്കും പുന:സ്ഥാപിക്കപ്പെടുന്നതിനും വേണ്ടിയാണ്. ഈ കൂദാശ നമ്മുടെ ലോകത്തിന്റെ പൊതു ധാരണകളിൽനിന്നും പ്രകടമായി വേറിട്ടുനിൽക്കുന്നു. ആത്മാവ് "പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും" (യോഹ. 16:8) തികച്ചും മൗലികമായ ഒരു പുത്തൻ ധാരണ പ്രകടമാക്കുന്നു.

പാപമെന്ന യാഥാർഥ്യം സ്പഷ്ടമാണ്; എല്ലാ സംസ്ക്കാരങ്ങളിലും ഉള്ള ഒരു സാമാന്യബോധമാണ്; ലോകത്തിന്റെ ഭാഗമാണ്; സകല മത നേതാക്കളും പ്രതിപാദിക്കുന്ന വിഷയവുമാണ്. ജി.കെ.ചെസ്റ്റർട്ടൻ ഒരിക്കൽ അതിനെ വിളിച്ചത് "മധുരക്കിഴങ്ങുപോലെ സുപരിചിതമായ വസ്തുത"എന്നാണ്; "തെരുവിൽ നമുക്കു കാണാൻ കഴിയുന്ന" ജീവിതത്തിന്റെ അനിഷേധ്യഭാവം. എന്നിരുന്നാലും, പാപത്തിന്റെ അർഥം ക്രിസ്തുവിൽ സമൂലമായി തിരുത്തിയെഴുതപ്പെട്ടു. ചില പാപങ്ങൾ ഒരുവനെ സമുദായത്തിനു ചേരാത്തവനും വിശ്വസിക്കാൻ കൊള്ളാത്തവനും അസ്വീകാര്യനും ആയി മുദ്രയടിച്ച് എന്നന്നേക്കുമായി കളങ്കിതനാക്കുമെന്ന് ലോകത്തിൽ പൊതുവെ കരുതപ്പെടുന്നു. ഒരു മുൻ മയക്കുമരുന്നു വ്യാപാരി മതബോധനം നൽകുകയോ ഒരു വേശ്യ ദിവ്യകാരുണ്യ സന്നിധിയിൽ ഉച്ചത്തിൽ പ്രാർത്ഥിക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന പ്രതികരണം ഒന്നു സങ്കല്പിച്ചുനോക്കൂ. ചില സംസ്കാരങ്ങളിൽ പാപിയായ ഒരുവന്റെ മക്കളെ വീക്ഷിക്കുന്നത് തത്തുല്യരായ പാപികളായിട്ടാണ്: സ്വന്തം മകനെയോ മകളെയോ അത്തരം ആൾക്കാരുടെ മക്കളുമായി വിവാഹം നടത്തില്ല; അവരുമായി യാതൊരു ബന്ധവും പുലർത്തില്ല. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ആത്മാവ് ലോകത്തെ ബോധ്യപ്പെടുത്തണമെന്നതിൽ അതിശയിക്കാനില്ല.

നമ്മുടെ സത്പ്രവൃത്തികൾ കൊണ്ട് സ്വർഗവും നീതിയും കൈവരിക്കാനാവുമെന്ന വ്യാപകമായ നിലപാട് (ഉദാഹണത്തിന് കർമ്മഫലം, പിലാജിയസിന്റെ തത്വങ്ങൾ) തുല്യമായി പ്രശ്നപൂർണമാണ്. (നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പിലാജിയസ് എന്ന സന്യാസി ജൻമപാപം നിഷേധിച്ചു; സ്വതന്ത്ര ഇച്ഛയ്ക്കും സത്പ്രവൃത്തികളുടെ യോഗ്യതകൾക്കും ഊന്നൽ നൽകി.) ഈ തോന്നൽ മിക്കപ്പോഴും ഉണ്ടാകുന്നത് സ്വയം നീതീകരണത്തിന്റെയും അവകാശങ്ങളുടെയും മറ്റുള്ളവരുടെമേൽ വിധി കല്പിക്കുന്നതിന്റെയും ഭാവത്തോടെയാണ്: ഇവ നാം കുരിശിൽ ദർശിക്കുന്ന മാപ്പേകൽ എന്ന സൗജന്യദാനവുമായി പൊരുത്തപ്പെടാത്തതുമാണ്. മൂന്നാമത്തെ കാഴ്ചപ്പാട്, നമ്മുടെ പാപങ്ങൾ കഠോരവും അസംഖ്യവുമാണെന്നും നമുക്കവയിൽ നിന്ന് ഒരിക്കലും വിടുതലില്ലെന്നും നമുക്ക് ഒരിക്കലും വിശുദ്ധിയിൽ വളരാനാവില്ലെന്നും ഉള്ളതാണ്. അതിനാൽ നമ്മുടെ ഏക പ്രത്യാശ ദൈവം നമ്മുടെ പാപങ്ങൾ "കാണുകയില്ല",മറിച്ച്, യേശുവിന്റെ രക്തം കാണുമ്പോൾ അവിടുത്തെ ക്രോധം അവിടുന്ന് തടഞ്ഞുനിർത്തുമെന്നതാണ്.

എന്നാൽ അനുരഞ്ജന കൂദാശയിൽ നാം ദൈവസ്നേഹത്തിന്റെയും കരുണയുടെയും കൂടുതൽ സമൃദ്ധവും ശക്തവുമായ വെളിപ്പെടൽ അഭിമുഖീകരിക്കുന്നു. ഒന്നാമത്, ഈ കൂദാശ നമ്മെ നേരിട്ട് പിതാവിന്റെ ഹൃദയത്തിലേക്ക്, കുരിശിൽ വെളിവാക്കപ്പെടുകയും ചൊരിയപ്പെടുകയും ചെയ്ത കരുണാർദ്രമായ സ്നേഹത്തിലേക്കു നയിക്കുന്നു. അവിടെ പശ്ചാത്താപ വിവശമായ ഹൃദയത്തോടെയും പരിവർത്തനപ്പെടാനുള്ള തീവ്രദാഹത്തോടെയും ദൈവകരുണയിലുള്ള മനോധൈര്യത്തോടെ നമ്മുടെ പാപങ്ങൾ ഏറ്റുപറയാൻ നാം ക്ഷണിക്കപ്പെടുകയാണ്. സങ്കീർത്തകൻ പറയുന്നതുപോലെ, "ഞാൻ പാപങ്ങൾ ഏറ്റു പറയാതിരുന്നപ്പോൾ ദിവസം മുഴുവൻ കരഞ്ഞ്, എന്റെ ശരീരം ക്ഷയിച്ചുപോയി.... എന്റെ പാപം അവിടുത്തോടു ഞാൻ ഏറ്റു പറഞ്ഞു. എന്റെ അകൃത്യം ഞാൻ മറച്ചുവച്ചില്ല. എന്റെ അതിക്രമങ്ങൾ ഞാൻ ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ എന്റെ പാപം അവിടുന്നു ക്ഷമിച്ചു" (സങ്കീ. 32).

പുരോഹിതൻ പാപമോചനം നൽകുമ്പോൾ, ഉളവാകുന്ന മാറ്റം അവിശ്വസനീയമാണ്. നമ്മുടെ പാപത്താൽ കളങ്കിതമായതെല്ലാം, അവ എത്രയധികം കഠിനവും ലജ്ജാകരവുമാകട്ടെ, യേശുവിന്റെ മരണ, ഉത്ഥാന ശക്തിയാൽ പൂർണമായി കഴുകപ്പെടുന്നു. ഇവിടെ നാം പാപപ്പൊറുതിയെന്ന സൗജന്യദാനത്തിന്റെ അർഥം അനുഭവിച്ചറിയുന്നു. എന്തെന്നാൽ, ഇവിടെ എന്തെങ്കിലും ആർജിക്കാനോ നേടാനോ ഇല്ല, പ്രത്യുത, സ്വീകരിക്കാൻ മാത്രമേ കഴിയൂ. കുമ്പസാരം നമ്മെ രൂപാന്തരപ്പെടുത്തുന്നു; നമ്മെ നിഷ്കളങ്കതയിലേക്കു പുന:സ്ഥാപിക്കുന്നു. മുമ്പ്, നാം പാപത്തിൽ സംസ്കരിക്കപ്പെട്ടിരുന്നു." ഇപ്പോൾ ക്രിസ്തു നിങ്ങൾക്കുവേണ്ടി അനുരഞ്ജനം നേടിയെടുത്തിരിക്കുന്നു..... ഇതു നിങ്ങളെ കറയോ ചുളിവോ ഇല്ലാതെ പരിശുദ്ധരായി ദൈവത്തിനു സമർപ്പിക്കുന്നതിനാണ്."

പാപത്തിന്റെയും നീതിയുടെയും ന്യായവിധിയുടെയും യഥാർഥ പൊരുൾ ലോകത്തെ ബോധ്യപ്പെടുത്തുന്ന ആത്മാവു തന്നെയാണ് ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് നമ്മുടെ പുരോഹിതരെ ശക്തീകരിക്കുന്നത്. എന്തെന്നാൽ യേശു പറഞ്ഞു."നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും" (യോഹ.20 :22–23) പാപപ്പൊറുതിയെന്ന സൗജന്യദാനം കൃതജ്ഞതാഭരിതരായി നമുക്കു സ്വീകരിക്കാം. കരുണയുടെ ഉറവയിൽ നിന്നും നമുക്ക് ആഹ്ളാദപൂർവം കുടിക്കാം

*വിശുദ്ധന്റെ മൊഴി:*

കുമ്പസാരം സത്യസന്ധവും ധീരവുമായ ഒരു പ്രവൃത്തിയാണ്; അത് പാപത്തിനപ്പുറത്ത് നമ്മെത്തന്നെ സ്നേഹനിധിയും മാപ്പേകുന്നവനുമായ ദൈവത്തിന്റെ കരുണയ്ക്ക് ഭരമേല്പിക്കുന്ന പ്രവൃത്തിയാണ്.

–വിശുദ്ധ ജോൺ പോൾ രണ്ടാമൻ



*സത്ക്രിയ:*

ഈ പാപപ്പൊറുതി നമുക്കു സൗജന്യമായി ലഭിച്ചു! അതിന് കൃതജ്ഞതാഭരിതരാകുന്നതോടൊപ്പം ഈ മാപ്പേകൽ മറ്റുള്ളവരിലേക്കും നമുക്കു വ്യാപിപ്പിക്കാം.



*Prepared by Jesus youth International Formation Team. Email: formation@jesusyouth.org*